പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **T 3280** **29. 01. 2014** - ലെ മറുപടി

## സൗദി അറേബ്യയിൽ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. സദാശിവൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) കായംകുളം മണ്ഡലത്തിൽ കീരിക്കാട് വില്ലേജിൽ കീരിക്കാട് തെക്കുമുറിയിൽ കൊട്ടയ്യാട്ട് വീട്ടിൽ ശ്രീമതി ഷൈലജയുടെ ഭർത്താവ് സൗദി അറേബ്യയിലെ ജയിലിൽ ദുരൂഹമായ സാഹചര്യത്തിൽ മരണപ്പെട്ട വിവരം ബന്ധുക്കൾ അറിഞ്ഞത് 7 മാസത്തിനു ശേഷമാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) 26/12/2013 – ന് ഈ കാര്യം സംബന്ധിച്ച പരാതി ഗവൺമെന്റിന് ലഭിക്കുകയുണ്ടായി |
| (ബി) എങ്കിൽ 7 മാസം കഴിഞ്ഞിട്ടും മൃതദേഹം നാട്ടിലെത്തിക്കാൻ കഴിയാത്തതിന്റെ കാരണം എന്തെന്നും, മരണകാരണം എന്തെന്നും ഉള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(സി) പ്രസ്തുത വിഷയത്തിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (ബിയും സിയും) ശ്രീമതി ഷൈലജയുടെ ഭർത്താവ് സുരേഷ് കുമാർ സൗദി അറേബ്യയിൽ വച്ച് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടുവെന്നും മൃതദേഹം നാട്ടിലെത്തിക്കാൻ സഹായം ലഭ്യമാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് 26/12/2013 – ന് ഈ വകുപ്പിൽ നിവേദനം ലഭിച്ചിരുന്നു. വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന, മരണമടയുന്ന മലയാളികളെക്കുറിച്ചുള്ള വിവരങ്ങൾ നേരിട്ട് നോർക്ക വകുപ്പിന് ലഭിക്കാറില്ല. ഈ വിവരം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ അടിയന്തിരമായി ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അറിയിച്ചുകൊണ്ട് സൗദിയിലെ ഇന്ത്യൻ നയതന്ത്രകാര്യാലയത്തിലേക്ക് 26/12/2013 – ന് തന്നെ ഫാക്സ്/കത്ത് മുഖേന സന്ദേശം അയച്ചിട്ടുണ്ട്.<br><br>മരണകാരണം, മൃതദേഹം നാട്ടിലെത്തിക്കാൻ കഴിയാത്തതിന് കാരണം എന്നിവ എംബസിയിൽ നിന്ന് മറുപടി ലഭിച്ചാൽ മാത്രമേ ലഭ്യമാവുകയുള്ളൂ. ഈ വിഷയത്തിൽ സൗദിയിലെ ഇന്ത്യൻ എംബസിയുമായി സർക്കാർ നിരന്തരം ബന്ധപ്പെട്ടുവരികയാണ്. |

സെക്ഷൻ ഓഫീസർ